## പതിനാലാം കേരള നിയമസഭ
## ഇരുപത്തിരണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ *26** | **12.01.2021-ൽ മറുപടിയ്ക്ക്**

## കോവിഡ് നിയന്ത്രണം

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ. അൻവർ സാദത്ത്**<br>**ശ്രീമതി ഷാനിമോൾ ഉസ്മാൻ**<br>**ശ്രീ. വി. ടി. ബൽറാം**<br>**ശ്രീ. സണ്ണി ജോസഫ്** | | **ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ**<br>**(ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പ് മന്ത്രി)** | |
| എ) | രാജ്യത്ത് അൺലോക്കിന് തുടക്കമിട്ടതോടെ സംസ്ഥാനത്ത് കോവിഡ് രോഗികളുടെ എണ്ണത്തിൽ ക്രമാതീതമായ വർദ്ധനവ് ഉണ്ടായതായി കണ്ടെത്തിയിട്ടുണ്ടോ; | എ) | അൺലോക്കിന്റെ ഭാഗമായി മറ്റ സംസ്ഥാനങ്ങളിൽ നിന്നും രാജ്യങ്ങളിൽ നിന്നും വൻതോതിൽ ജനങ്ങൾ കേരളത്തിലേയ്ക്കെത്തിയതിനാൽ കോവിഡ് രോഗികളുടെ എണ്ണത്തിൽ വർദ്ധനവുണ്ടായിട്ടുണ്ട്. |
| ബി) | സംസ്ഥാനത്ത് 2020 ഡിസംബർ മാസത്തെ ശരാശരി ടെസ്റ്റ് പോസിറ്റിവിറ്റി നിരക്ക് എത്രയാണ്; | ബി) | 2020 ഡിസംബർ മാസത്തെ ശരാശരി ടെസ്റ്റ് പോസിറ്റിവിറ്റി നിരക്ക് 9.58 ആണ്. |
| സി) | തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്ക് നടന്ന തെരഞ്ഞെടുപ്പിൽ കോവിഡ് മാനദണ്ഡം തെറ്റിച്ചുള്ള പ്രചരണവും ക്രിസ്തുമസ് ആഘോഷം മൂലമുള്ള തിരക്കും രോഗവ്യാപനത്തിന് കാരണമായതായി കണ്ടെത്തിയിട്ടുണ്ടോ; | സി) | രോഗികളുടെ എണ്ണത്തിൽ നേരിയ വർദ്ധനവ് ഉണ്ടായിട്ടുണ്ട്. എന്നാൽ തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളിലേയ്ക്ക് നടന്ന തെരഞ്ഞെടുപ്പിൽ കോവിഡ് മാനദണ്ഡം തെറ്റിച്ചുള്ള പ്രചരണവും ആഘോഷങ്ങൾ മൂലമുള്ള തിരക്കും ക്രമാതീതമായ രോഗവ്യാപനത്തിന് കാരണമായതായി വിലയിരുത്തിയിട്ടില്ല. |
| ഡി) | പുതുവത്സരത്തിൽ രോഗ-വ്യാപനത്തിനുള്ള സാധ്യത കൂടുതലായിരുന്ന സാഹചര്യത്തിൽ അത് നിയന്ത്രിക്കുന്നതിന് നിലവിലുള്ള കോവിഡ് മാനദണ്ഡങ്ങൾ കൂടുതൽ കർശനമാക്കാൻ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ? | ഡി) | പുതുവത്സരത്തിൽ കോവിഡ് രോഗവ്യാപനം കുറയ്ക്കുന്നതിന്റെ ഭാഗമായി നിലവിലുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്ക് പുറമെ പ്രത്യേകം മാർഗ്ഗനിർദ്ദേശങ്ങൾ തയ്യാറാക്കുകയും അവ നടപ്പിലാക്കുന്നതിനു വേണ്ട നടപടികൾ സ്വീകരിക്കുകയും ചെയ്തിരുന്നു. |

**സെക്ഷൻ ഓഫീസർ**